# അക്കാദമിക മാസ്റ്റർപ്ലാൻ

## 25-26

## ഗവ.എൽ.പി.എസ്
## അതിരുങ്കൽ

# ആമുഖം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാകുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ സമഗ്ര ഗുണമേന്മ പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണനിലവാരത്തിൽ മുൻപന്തിയിൽ എത്തിക്കുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് നാം അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

പൊതുവിദ്യാഭ്യാസം മികച്ചരീതിയിൽ കൊണ്ടുപോകാനും എല്ലാകുട്ടികൾക്കും വിദ്യാഭ്യാസം ഉറപ്പുവരുത്തുവാനുമാണ് ഈ മാസ്റ്റർപ്ലാൻ ലക്ഷ്യമാക്കുന്നത്.

1947ൽ സ്ഥാപിതമായ ഈ സ്കൂളിന്റെ ഉന്നമനത്തിനായി സജീവമായി പ്രവർത്തിക്കുന്ന പി.ടി.എ, അധ്യാപകർ, രക്ഷിതാക്കൾ, പൊതുസമൂഹം, വാർഡ് മെമ്പർ എന്നിവരുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ദൃഢ പ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കുന്നത്.

വിദ്യാലയത്തെ ഇനിയും മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്രപുരോഗതി ലക്ഷ്യമാക്കി ആസൂത്രണം ചെയ്ത ഈ മാസ്റ്റർ പ്ലാൻ ഏവർക്കും മുമ്പിൽ സമർപ്പിക്കുന്നു.

പി.ടി.എ പ്രസിഡന്റ്　　　　ഹെഡ്മിസ്ട്രസ്

# അക്കാദമികം - പൊതുലക്ഷ്യങ്ങൾ

- വിദ്യാലയത്തിന്റെ അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തുക.
- വായന കോർണർ, വായന പ്രവർത്തനങ്ങൾ എന്നിവ സജീവമാക്കും
- സർഗാത്മക പ്രകടനത്തിന് അവസരമൊരുക്കും.
- It അധിഷ്ഠിത പഠനത്തിന് അനുകൂല സാഹചര്യം സൃഷ്ടിക്കും
- പഠനപിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കും.
- ഓരോ കുട്ടിയുടെയും പൊതുവായതും സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് തുല്യമായ അവസരമൊരുക്കുക.
- പ്രീ-പ്രൈമറി മുതൽ 4-ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാൻ ഉതകുന്ന പ്രവർത്തന കലണ്ടർ തയ്യാറാക്കും.
- മാറിയ പാഠ്യപദ്ധതിയുടെ ഭാഗമായി അക്കാദമികപരമായ എല്ലാ നൂതന പ്രവണതകളെയും പരിഗണിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും.

# അക്കാദമിക പ്രവർത്തനങ്ങൾ

* ഭാഷാശേഷി വികസനം
* ഗണിതശേഷി വികസനം
* ഇംഗ്ലീഷ് പഠനപരിപോഷണം
* വായന പരിപോഷണം
* ലൈബ്രറി ശാക്തീകരണം
* ഫീൽഡ് ട്രിപ്പുകൾ.
* ഒന്നാം ക്ലാസ്സ് ഒന്നാം തരം
* കലാകായിക പരിശീലനങ്ങൾ
* ഗണിതലാബ്
* ദിനാചരണം
* മൂല്യനിർണയം
* വിജ്ഞാനപരിപോഷണ പരിപാടി
* ഹരിത വിദ്യാലയ പ്രവർത്തനങ്ങൾ.

# മലയാളം മനോഹരം

മേഖല: അക്കാദമികം    ഉപമേഖല:- ഭാഷാപഠനം

## ലക്ഷ്യപ്രസ്താവന

ഭാഷയിലെ എല്ലാ വ്യവഹാരരൂപങ്ങളിലും എല്ലാ കുട്ടികളുടെയും വിനിമയശേഷി വർധിപ്പിക്കുന്നു. പ്രത്യേക താത്പര്യമുള്ള മേഖലകൾ കണ്ടെത്തി നൈപുണി വളർത്തുകയും പ്രതിഭകളെ സൃഷ്ടിക്കുകയും ചെയ്യുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1 മുതൽ 4 ാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികളും മാതൃഭാഷ ഫലപ്രദമായി വായിക്കുന്നു എഴുതുന്നു എന്ന് ഉറപ്പാക്കുന്നു. | 1. പ്രീ-ടെസ്റ്റ് പഠനനില കണ്ടെത്താൻ പ്രീ-ടെസ്റ്റ് നടത്തുന്നു. ഇതിനെ വിലയിരുത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ അവസാനം വരെ | ക്ലാസ് അധ്യാപകർ. |
| | 2. SRG കൂടി പരിമിതികൾ പരിഹരിക്കുന്നതിനുള്ള ആവശ്യമായ പ്രവർത്തന പാക്കേജുകൾ തയ്യാറാക്കുന്നു. പഠനവിടവുകളുടെ ലിസ്റ്റുചെയ്യൽ. ശേഖരണം | ജൂലൈ 15 മുതൽ | SRG SMC |
| | 3. 'മലയാളത്തിളക്കം' പോലെയുള്ള പ്രവർത്തന പാക്കേജുകൾ കൂട്ടിച്ചേർക്കുന്നു. [സ്പെഷ്യൽ കേട്ടെഴുത്ത്, അക്ഷരമത്സരം, സ്ഥലനാമങ്ങൾ കണ്ടെത്താം] | ആഗസ്റ്റ്-മാർച്ച്. | അധ്യാപകർ |
| ക്ലാസ് ലൈബ്രറിയുടെ നവീകരണം, വികാസം. | 4. ജൻമദിനപുസ്തകം ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ്സ് ഗ്രന്ഥ- | ജനുവരി ജൂൺ മുതൽ മാർച്ച് വരെ | (PTA)SMC അധ്യാപകർ. |

| | | | |
|---|---|---|---|
| | ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുന്നു. അസംബ്ലിയിൽ പുസ്തകത്തെ പരിചയപ്പെടുത്തുന്നു. | എല്ലാ ജന്മദിനത്തിലും | SMC |
| | 5. പുസ്തക പരിചയം<br>അധ്യാപകർ ചില പുസ്തകങ്ങളെ പരിചയപ്പെടുത്തുന്നു. പുസ്തകത്തിലെ കഥ വായിച്ചു കേൾപ്പിക്കുന്നു. | എല്ലാ ആഴ്ചയിലും ഒരു പുസ്തകം | അധ്യാപകർ. |
| | 6. പൊതുവിജ്ഞാനകോശം പത്രം മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയിൽ നിന്നും വിവരങ്ങൾ ശേഖരിക്കാം. വിജ്ഞാന ശേഖരണം, ഇക്കാര്യം അസംബ്ലിയിൽ അവതരണം. | 1 വർഷം | അധ്യാപകർ |
| ബാലസാഹിത്യ മാസികകളെ ഫലപ്രദമായി പ്രയോഗിക്കൽ | 7. വായിച്ചു കഴിഞ്ഞ ബാല സാഹിത്യ കൃതികളിലെയും മാസികകളിലെയും ചിത്രങ്ങൾ ഒരു ചാർട്ടിൽ ഒട്ടിക്കുന്നു. ഇതിന് അനുയോജ്യമായ അടിക്കുറിപ്പ്, കഥ, കവിത വിവരണം എന്നിവ എഴുതിച്ചേർത്ത് വർക്ക് ഷീറ്റ് തയ്യാറാക്കൽ. കഥകൾ തന്റേതായ രീതിയിൽ അവതരിപ്പിക്കൽ സംഭാഷണ രൂപത്തിലെഴുതൽ. റീഡേഴ്സ് തിയ്യേറ്റർ | എല്ലാ മാസവും 2/3 പ്രാവശ്യം. | SRG. |
| സർഗാത്മക രചനകളിൽ, ആവിഷ്കാരങ്ങളിൽ ഏർപ്പെടൽ | • വിദ്യാരംഗം സാഹിത്യവേദി രൂപീകരണം<br>• സർഗവേള<br>ക്ലാസ്സ് മുറി; സാഹിത്യനായകന്മാരുടെ ദിനാചരണം തുടങ്ങിയവയിലൂടെ രൂപപ്പെട്ട ആവിഷ്കാരത്തിന്റെ പ്രകടിത രൂപത്തിന്റെ അവതരണ വേദിയായി സർഗവേളകളെ | ആഴ്ചയിലൊരിക്കൽ | വിദ്യാരംഗം സാഹിത്യ വേദി |

| | | | |
|---|---|---|---|
| | മാറ്റുന്നു (കഥ, ചിത്രം, കാർട്ടൂൺ നാടകം, സ്കിറ്റ്) | | |
| പുതിയ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി പ്രാധാന്യത്തോടെ കുട്ടികളിൽ താളബോധവും സർഗവാസനകളും ആവിഷ്കാരത്തിലൂന്നിയ പ്രവർത്തനങ്ങളിലേർപ്പെടുന്നു. 'ആട്ടവും, പാട്ടും' 'പാട്ടും താളവും' | പാഠഭാഗങ്ങളിലെ കവിത നാടൻ പാട്ടുകൾ അനുയോജ്യ ബന്ധപ്പെട്ട് അനുബന്ധമായി വരുന്നവ താളബോധത്തോടെയും ഭാവത്തോടെയും അവതരിപ്പിക്കുന്നു. വായ്ത്താരികൾ ഉള്ളവയും ഇല്ലാത്തവയ്ക്ക് കൂട്ടിച്ചേർത്തും നാടൻ പാട്ടുകൾ മികവോടെ അവതരിപ്പിക്കുന്നു | എല്ലാ ആഴ്ചയിലും. | വിദ്യാരംഗം കലാസാഹിത്യ വേദി |
| | | | |

# In to the World of English

മേഖല :- അക്കാദമികം

ഉപമേഖല :- ഭാഷാപഠനം (ഇംഗ്ലീഷ്)

ലക്ഷ്യ പ്രസ്താവന

ഇംഗ്ലീഷ് ഭാഷയോടുള്ള താത്പര്യം വർദ്ധിപ്പിക്കുകയും ഭാഷയിലുള്ള ആശയവിനിമയ ശേഷി ഉയർത്തുന്നതിനും.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1 മുതൽ 4 വരെയുള്ള എല്ലാ കുട്ടികൾക്കും ഇംഗ്ലീഷിലുള്ള മികവ് സൃഷ്ടിക്കൽ. ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ. | 1) പഠനനിലവാരം കണ്ടെത്തൽ - പ്രീ-ടെസ്റ്റ് നടത്തുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ നിലവാരം മനസ്സിലാക്കുന്നു. | ജൂൺ രണ്ടാം വാരം മുതൽ | അധ്യാപകർ. |
| | 2. പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. ശേഖരണം നടത്തുന്നു. | ജൂലൈ പകുതിയോടെ | SRG. |
| | 3. ഹലോ ഇംഗ്ലീഷ് പ്രോഗ്രാം പോലെയുള്ള പ്രവർത്തനങ്ങളുടെ പാക്കേജുകൾ നടപ്പിലാക്കുന്നു. | 1 വർഷം | അധ്യാപകർ |
| | 4. ഇംഗ്ലീഷ് അസംബ്ലി<br>അസംബ്ലിയുടെ മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ നടത്തുന്നു. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശങ്ങൾ നൽകുന്നു. ഓരോ ദിവസവും ഓരോ ക്ലാസ്സിന് ചുമതല നൽകുന്നു. | ആഴ്ചയിൽ 2 ദിവസം | അധ്യാപകർ. |
| | 5. ക്ലാസ് ലൈബ്രറി.<br>ഓരോ ക്ലാസ്സിലെ കുട്ടികളുടെ നിലവാരമനുസരിച്ച് ക്ലാസ് ലൈബ്രറി ഒരുക്കുന്നു. | | |

| | | | |
|---|---|---|---|
| | (പോസ്റ്ററുകൾ, Dictionary കാർഡുകൾ, newspapers, work sheet, diary entries, Reading cards etc) | September മുതൽ | SMC അദ്ധ്യാപകർ |
| | 6. <u>ഇംഗ്ലീഷ് ഡയറി</u><br>ഓരോ ദിവസവും കുട്ടികൾ തന്റെ വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഡയറിയായി എഴുതുന്നു.<br>7. പതിപ്പുകൾ/മാഗസിൻ<br>കുട്ടികളുടെ സൃഷ്ടികൾ പതിപ്പുകളോ മാഗസിനോ ആക്കുന്നു. മാഗസിൻ പ്രകാശനം ചെയ്യുന്നു.<br>8. Digi-task.<br>കുട്ടികളുടെ ചില പ്രസന്റേഷനുകൾ video ആയോ ഓഡിയോ ആയോ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ചെയ്യുന്നു.<br>(Eg. Cookery show<br>• Travelling Experience.<br>• Festivals<br>• My garden<br>• Books I read (Audio or video Clip)<br>• Video Commentary on Special occasions like birthday, marriage, function, house warming etc | June to March. | Parents & Teachers. |

## ഗണിതലോകം.

### മേഖല : ഗണിതം.

**ലക്ഷ്യപ്രസ്താവന**

നിത്യജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുവാൻ അതാതു ക്ലാസുകളിൽ നേടേണ്ട പഠനശേഷികൾ ഉറപ്പാക്കുന്നതിലൂടെ ഗണിതശാസ്ത്രപഠനത്തിന്റെ സവിശേഷവൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണതയിലെത്തിക്കുകയും ഗണിതപഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ അത് മറികടക്കാനാവശ്യമായ പിന്തുണാ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഗണിതപഠനത്തോടുള്ള താത്പര്യം വർധിപ്പിക്കുന്നതിന് അടിസ്ഥാനാശയങ്ങൾ വികസിപ്പിക്കുന്നതിന് | Pre-test നടത്തുന്നു. കുട്ടികളുടെ അടിസ്ഥാനാശയ മികവുകളും പോരായ്മകളും കണ്ടെത്തുന്നു. | ജൂൺ | ക്ലാസ് അധ്യാപകർ |
| | പരിമിതികൾ പരിഹരിക്കാനുതകുന്ന പ്രവർത്തനപാക്കേജ് SRG യോഗത്തിൽ ആലോചിച്ച് കണ്ടെത്തുന്നു. | ജൂൺ രണ്ടാം ആഴ്ച | " |
| | പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് മികവുകളെ പരിപോഷിപ്പിക്കുന്നതിന് പഠനവിഭവങ്ങളുടെ ശേഖരണം, നിർമ്മാണം | | |

| | | | |
|---|---|---|---|
| | ഉദാ: വർക്ക്ഷീറ്റുകൾ, കുസൃതിക്കണക്കുകൾ, ഗണിതക്കളികൾ ..... | | അധ്യാപകർ |
| <u>ഗണിതപ്പെട്ടി</u><br>ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിനാവശ്യമായ പഠനോപകരണങ്ങളുടെ നിർമാണം.<br><br><br><br><br><br>ഗണിതസൗന്ദര്യം ആസ്വദിക്കുന്നു | പഠനോപകരണശില്പശാല സംഘടിപ്പിക്കുന്നു. കുട്ടികളും അധ്യാപകരും നിർമ്മിച്ച പഠനോപകരണങ്ങൾ ഗണിതപ്പെട്ടിയിൽ സൂക്ഷിക്കുന്നു.<br><u>ഗണിതമാഗസിൻ</u>.<br>ഗണിതാശയങ്ങൾ ഉൾക്കൊള്ളുന്ന ഗണിതമാഗസിൻ നിർമിക്കുന്നു. പ്രകാശനം ചെയ്യുന്നു.<br><u>ഗണിതമേള</u><br>→ ജ്യാമിതീയ രൂപങ്ങൾ വരച്ചു നിർമിക്കുന്നു.<br>→ ജ്യോമെട്രിക് ചാർട്ട് ചിത്രീകരിക്കുന്നു.<br>→ ഗണിതാശയങ്ങൾ ഉൾക്കൊള്ളുന്ന രസകരമായ പസിലുകൾ കണ്ടെത്തി എഴുതുന്നു.<br>→ ഗണിത സൗന്ദര്യം ഉൾക്കൊള്ളുന്ന ഗണിതപാറ്റേണുകൾ ഉൾപ്പെടുത്തി നമ്പർ ചാർട്ടുകൾ എഴുതുന്നു.<br>→ സ്കൂൾതല, ഉപജില്ലാതല ഗണിതമേളയിൽ പരമാവധി കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. | 1 ½ | അധ്യാപകർ |

# ശാസ്ത്രദീപം.

**വിഷയം : ശാസ്ത്രം.** ഉപമേഖല : ശാസ്ത്രം.

## ലക്ഷ്യപ്രസ്താവന.

എല്ലാ കുട്ടികൾക്കും അവരുടെ ക്ലാസിന്റെ നിലവാരത്തിൽ ശാസ്ത്രാശയങ്ങൾ നേടുകയും പ്രക്രിയാശേഷികൾ കൈവരിക്കുകയും ശാസ്ത്രീയ മനോഭാവത്തോടെ സമൂഹത്തിൽ ഇടപെടാൻ കഴിയുക.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കുട്ടികളുടെ നിരീക്ഷണപാടവം വർധിപ്പിക്കുക. ശാസ്ത്രപഠനം രസകരമാക്കുക. | **ഫീൽഡ് ട്രിപ്പുകൾ** ഓരോ ക്ലാസിന്റെയും പ്രക്രിയാശേഷികൾ കൈവരിക്കുന്നതിന് ശാസ്ത്രാശയങ്ങൾ നേടുന്നതിനായി ഫീൽഡ് ട്രിപ്പുകൾ നടത്തുന്നു. | ഓരോ ടേമിലും | അധ്യാപകർ PTA |
| | **ലഘുപരീക്ഷണം.** ആവശ്യമായ സാധനങ്ങൾ ശേഖരിക്കുന്നു. പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി ലഘുപരീക്ഷണങ്ങളിലേർപ്പെടുന്നു. റിസോഴ്സ് പേഴ്സൺസിന്റെ ക്ലാസുകൾ | 1 വർഷം നീണ്ടുനിൽക്കുന്നു. | അധ്യാപകർ |

| | | | |
|---|---|---|---|
| | നൽകുന്നു. | | |
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസിലാക്കുന്നു. | **മേളകൾ.**<br>സ്കൂൾ തല ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു. ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം നടത്തുന്നു. | രണ്ടാം ടേം. | അധ്യാപകർ PTA. |
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ. | **ശാസ്ത്രപോഷണം**<br>ശാസ്ത്രത്തിന്റെ രീതി, അനിവാര്യത, ശാസ്ത്ര ജ്ഞാനമയ്ക്ക് എന്നിവ കേന്ദ്രീകരിച്ച് കൊണ്ടുള്ള ക്വിസ്സുകൾ സംഘടിപ്പിക്കുന്നു. ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം പരിചയപ്പെടുത്തുന്നു. | വർഷത്തിൽ ഒന്ന്.<br>ഫെബ്രുവരി | |
| പ്ലാസ്റ്റിക് രഹിത വിദ്യാലയം | ഹരിതപരിസരം.<br>പ്ലാസ്റ്റിക് വിമുക്ത സ്കൂൾ പരിസരം.<br>- ഹരിതവിദ്യാലയം.<br>- ഹരിതസേനയുടെ പ്രവർത്തനങ്ങൾ ഉപയോഗപ്പെടുത്തുന്നു. അഭിമുഖം നടത്തുന്നു. | | |

| | | | |
|---|---|---|---|
| ആരോഗ്യബോധ- വത്കരണ ക്ലാസ്. | - കുട്ടികളുടെ Health check-up<br>- വിരഗുളിക, അയൺ ഗുളിക കൃത്യമായ ഇട- വേളകളിൽ നൽകുന്നു.<br>- കുട്ടികൾക്കും മുതിർന്നവർ- ക്കുമായി ആരോഗ്യ ബോധവത്കരണ ക്ലാസുകൾ നടത്തുന്നു. | | PHC<br>PTA<br>അധ്യാപകർ. |